# പള്ളികഥകൾ

## മിനികഥകൾ ആറ്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ഇപ്രാവശ്യം ജോസഫ് അച്ചൻ കഥ പറയുന്നിന് മുമ്പ് തന്നെ ചിരി തുടങ്ങി. പറയാൻ പോകുന്നതോർത്താണ് ഇങ്ങിനെ ചിരിക്കുന്നത്. ഫോണിൽ കൂടെയാണെങ്കിലും അച്ചന്റെ ചിരി കേൾക്കാൻ വളരെ ഇമ്പമുള്ളതാണ്. ഇപ്രാവശ്യം പറയാൻ പോകുന്നതിൽ കൂടുതൽ സംഭവ്യമുള്ളതാണെന്ന മുഖവുരയോടുകൂടിയാണ് തുടക്കം തന്നെ. അച്ചന്റെ വർത്തമാന ശൈലിയും ചിരിയും എന്നേയും കൂടുതൽ ഉത്സുകനാക്കി:

### കുറുപ്പിനു പറ്റിയത്

വർഷങ്ങൾക്കു മുമ്പു നടന്നതാണ്. ഇപ്പോഴത്തെ കാര്യമല്ല. കുറുപ്പും അന്നത്തെ ബാവാതിരുമേനിയും സഹപാഠികളായിരുന്നു. ഒന്നാംക്ലാസു മുതൽ ഹൈസ്ക്കൂൾ വെരെ ദീർഘകാലം അവർ ഒന്നിച്ചു പഠിച്ചവരാണ്. അന്ന് അദ്ദേഹം പഠിത്തത്തിൽ വലിയ മിടുക്കനല്ലായിരുന്നെന്നാണ് കുറുപ്പിന്റെ ഭാഷ്യം. ഇതേ അഭിപ്രായം തന്നെയാണ് മറിച്ചും ഉണ്ടായിരുന്നത്. എന്തായാലും സതീർത്ഥ്യൻ സഭയുടെ പരമോന്നത പദവിയിലെത്തിച്ചേർന്നപ്പോൾ അമേരിക്കയിൽ ദീർഘകാലമായി താമസിക്കുന്ന കുറുപ്പിനൊരാഗ്രഹം. ഇത്രയും വലിയ ഒരാളെ കാണുന്നത് തന്നെ വലിയ ഒരു കാര്യമായി ഭാര്യ സീതയും.

സതീർത്ഥ്യനെ കാണാൻ പോകുമ്പോൾ മാന്യമായി വേണമെന്ന് ഭാര്യ. ആളൊരു ചെറിയ പിശുക്കനാണെങ്കിലും കുറുപ്പും വിയോജിപ്പൊന്നും പറഞ്ഞില്ല. ഒരു അമേരിക്കൻ ചെക്കു കൊടുക്കുന്നതിലും അവർ ഏക അഭിപ്രായക്കാരായിരുന്നു. എന്നാൽ തുകയുടെ കാര്യത്തിൽ അഭിപ്രായ ഭിന്നത ഉണ്ടായിരുന്നെങ്കിലും അവസാനം അമേരിക്കൻ പണക്കാരുടെ അന്തസ്സിന് കോട്ടം വരാത്ത വിധത്തിൽ അയ്യായിരം അമേരിക്കൻ ഡോളർ കൊടുക്കാമെന്നുറപ്പിച്ചു. ചെക്കെഴുതി ഒരു കവറിലിട്ട് ഒട്ടിച്ച് മാന്യമായി തന്നെ അവർ യാത്ര പുറപ്പെട്ടു.

സതീർത്ഥ്യൻ ദേവലോകത്ത് ആണ് താമസിക്കുന്നത് എന്നു കേട്ടപ്പോൾ സീതയ്ക്കു് ഒന്നുകൂടെ മതിപ്പു തോന്നി. പല ദിവസങ്ങളായി സീത പലരോടും ഞങ്ങൾ ദേവലോകത്ത് പോകുന്നുണ്ടെന്ന് പറഞ്ഞു തുടങ്ങി. പാവം സീത വിചാരിച്ചത് ഈ ദേവലോകം എന്നു പറഞ്ഞാൽ സ്വർഗ്ഗത്താണെന്നായിരുന്നു. ഭൂമിയിൽ ദേവലോകം എന്നൊരു സ്ഥലപേരുള്ളത് സീതയ്ക്ക് ഒന്നു കൂടെ അത്ഭുതത്തിന് വകയായി.

ഇത്രയും വലിയ ആളിനെ കാണാൻ പോകുന്നതായതുകൊണ്ട് സീത ഉള്ളതിൽ ഏറ്റവും വിലകൂടിയ സിൽക്കു സാരിയും കയ്യിൽ കരുതിയിട്ടുള്ള എല്ലാ ആഭരണങ്ങളും അണിഞ്ഞ് ചിറിയേൽ ലിഫ്റ്റിക്കും പുരട്ടി മുഖത്ത് ചായവും തേച്ച് എഴുപതു വയസുകാരി കൊച്ചു പെൺപിള്ളേർ തോറ്റു പോകത്തക്കവിധം അണിഞ്ഞൊരുങ്ങിയായിരുന്നു യാത്ര. അമേരിക്കയിലായതു മൂലമല്ല വയറു ചാടിയത്. കണ്ടമാനം വലിച്ചു വാരി കഴിച്ചിട്ടുമില്ല. അമേരിക്കയിൽ ചെല്ലുന്നതിന് മുമ്പു തന്നെ സ്വല്പം വണ്ണമുള്ള ശരീരമായിരുന്നു. അമേരിക്കയിലെ ഭക്ഷണം കൂടിയായപ്പോൾ അതൊന്നു കൂടെ വലുതായി. അതിപ്പോൾ ചെത്തി കളയാനൊക്കുമോ!

വണ്ണമുള്ള രണ്ടു കയ്യും നിറച്ച് സ്വർണ്ണ വളകളും വാരിയിട്ട് എല്ലാം കൂടെ കണ്ടാൽ ഒരാനചന്തമുണ്ട്. കാറിന്റേയും വിമാനത്തിന്റേയും സീറ്റേൽ ഇരുന്നാൽ രണ്ടു പേക്കിരിക്കാനുള്ള സീറ്റ് സീതയ്ക്കു തന്നെ വേണ്ടി വരും. കുറുപ്പും ഇതേ രൂപം തന്നെയാണ്. രണ്ടുപേർക്കും നീളവും വളരെ കുറവാണ്. രണ്ടു പേരും കൂടെ നടക്കുന്നതു കണ്ടാൽ ഉരുണ്ടുരുണ്ടു പോകുകയാണെന്ന് തോന്നും. എന്തായാലും രണ്ടു പേരും കൂടെ നടന്നു പോകുന്നതു കണ്ടാൽ ആരും അറിയാതെ നോക്കി പോകും.

ഇവർ നാട്ടിൽ ചെന്നതു പ്രമാണിച്ച് എല്ലാ ദിവസവും കോഴിയും താറാവും കാളയിറച്ചിയും മീൻ കറിവെച്ചതും പൊരിച്ചതും എന്നു വേണ്ട വിഭവ സമൃദ്ധമായ ഭക്ഷണങ്ങളാണ് രണ്ടു അടുക്കള ജോലിക്കാരെ വെച്ച് ചെയ്യുന്നത്. നമ്മുടെ നാട്ടിൽ ഭക്ഷണമുണ്ടാക്കിയാൽ അന്നന്ന് തന്നെ കഴിച്ചില്ലെങ്കിൽ കേടായിപ്പോകുമല്ലോ. ബ്രിഡ്ജ് ഉണ്ടെന്ന് പറഞ്ഞാൽ അത് കാണാനും ആൾക്കാരെ കാണിക്കാനും മാത്രമാണല്ലോ. അല്ലാതെ ഉപയോഗിക്കാൻ അവിടെ അതിനുള്ള കറന്റില്ലല്ലോ.

കുറുപ്പ് നെറ്റിയിൽ ചന്ദനവും തേച്ച്, കഴുത്തേൽ ഉരുളക്കിഴങ്ങുപോലത്തെ സാധനം വാഴനാരിൽ കെട്ടിയിട്ടതുപോലുള്ള ഒരു മാലയും പോരത്തതിന് ഒരു വടത്തിന്റെ കനമുള്ള നീളമുള്ള ഒരു സ്വർണ്ണ മാലയും ഉണ്ട്. നല്ല വീതിയിലുള്ള കസവുള്ള സിൽക്കു മുണ്ടും സ്വർണ്ണ വർണ്ണമുള്ള മുറികയ്യൻ സിൽക്കു ഷർട്ടുമാണ് വേഷം. ചേറുപ്പത്തിലേ ആള് പിശുക്കനാണെങ്കിലും വലിയ പൊങ്ങച്ചക്കാരനാണെന്നാണ് വലിയ പിതാവിന്റെ കുറുപ്പിനെക്കുറിച്ചുള്ള അഭിമതം.

കുറുപ്പും സീതയും ദേവലോകത്ത് എത്തി. സീത ചുറ്റപാടും കണ്ണോടിച്ചു. “അയ്യേ! ഇതാണോ ദേവലോകം!” ദേവലോകമെന്നത് ഒരു സ്ഥലപേരാണെന്ന് കുറുപ്പ് പറഞ്ഞ് മനസ്സിലാക്കി. ബിഷപ്പു താമസിക്കുന്ന അരമന കണ്ടിട്ടും സീതയ്ക്കു് മതിപ്പു തോന്നിയില്ല. ആവശ്യമില്ലാത്ത സംസാരം ഒന്നും ചെയ്യരുതെന്ന് ആ വായാടി തള്ളയോട് കുറുപ്പ് പറഞ്ഞുറപ്പിച്ചതിനു ശേഷമാണ് വന്ദ്യ പിതാവിനെ കാണാൻ പോയത്.

“എന്നാലും ഒരല്പം കാപ്പറ്റും മറ്റുമിട്ട് ഒരു മുറിയാക്കാമായിരുന്നു ഈ സ്വീകരണ മുറി” അവർ അറിയാതെ പറഞ്ഞു പോയി. പിതാവ് അത് കേട്ടെങ്കിലും കേട്ടില്ലാ മട്ടിൽ അഭിനയിച്ചിരുന്നു. ആരേയും മയക്കുന്ന സ്വയംസിദ്ധിയായിട്ടുള്ള പാൽപുഞ്ചിരിയും തൂകി പരിപൂർണ്ണം വെള്ളികെട്ടിയ താടിമീശയും തടവി അദ്ദേഹം അവരെ സ്വാഗതം ചെയ്തു.

“എന്തായാലും ഇദ്ദേഹത്തിന്റെ ചിരിച്ചു കൊണ്ടുള്ള മുഖം കാണാൻ നല്ല ചന്തമുണ്ട്” സീത അറിയാതെ പറഞ്ഞു പോയി. കുറുപ്പ് സിതയുടെ കാലിൽ ചവുട്ടി.

“ഇദ്ദേഹത്തോടെ വീട്ടീനേ ഞാൻ പറഞ്ഞോണ്ടു വന്നതാ എന്റെ കാലേൽ ചവിട്ടരുതെന്ന്” ആ വായാടീ സ്ത്രീ പിന്നേയും പറയാനും പരിഭവപ്പെടാനും തുടങ്ങി. പിതാവ് അതെല്ലാം കേട്ട് ചിരിച്ചുകൊണ്ടിരിക്കുകയായിരുന്നു.

അവർ കൊണ്ടുവന്ന കാഴ്ച കവർ പിതാവിന് കൊടുത്തു. അദ്ദേഹം അത് അവരുടെ മുമ്പിൽ വെച്ചു തന്നെ തുറന്നു നോക്കി. അത്ര തൃപ്തികരമായ ഒരു മുഖമല്ലായിരുന്നു.

അദ്ദേഹം അവരോട് മേശ കഴിക്കാമെന്നു പറഞ്ഞു. അത് ഉച്ച സമയമായിരുന്നു. ഈ ക്രിസ്ത്യാനികളുടെ വല്ല്യപിതാവ് മേശയാണ് കഴിക്കുന്നതെന്ന് സീതയ്ക്കപ്പോഴാ മനസ്സിലാകുന്നത്. ഭക്ഷണത്തിനു മുമ്പിലിരുന്ന അവർ അന്തം വിട്ടു പോയി. വീട്ടിൽ ഒരുക്കിയിരിക്കുന്ന നല്ല ഭക്ഷണം കഴിക്കാതെ ഈ കഞ്ഞിയും പയറും കഴിക്കേണ്ടി വന്നല്ലോ! സീതയ്ക്ക് ഭയങ്കര ദേഷ്യവും വന്നു.